# വിശുദ്ധ ഖുർആനും നബിദിനാഘോഷവും

ഇസ്‌ലാമിന്റെ ഒന്നാം പ്രമാണം വിശുദ്ധ ഖുർആനാണല്ലോ? അതിനാൽ നമുക്കിടയിൽ തർക്കം നിലനിൽക്കുന്ന നബിദിനാഘോഷത്തെക്കുറിച്ച് ഖുർആൻ എന്ത് പറയുന്നുവെന്ന് ആദ്യമായി നമുക്ക് പരിശോധിക്കാം.

വിശുദ്ധഖുർആൻ നാല് മാസങ്ങൾക്ക് മറ്റു മാസങ്ങളേക്കാൾ പ്രത്യേകത കൽപിക്കുകയും ആ മാസങ്ങളിൽ യുദ്ധം ഹറാമാക്കുകയും അവയെ പവിത്രമാസങ്ങളായി കണക്കാക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഖുർആൻ പറയുന്നത് കാണുക:

**(സൂറഃ തൗബ: 36, കെ.വി. മുഹമ്മദ് മുസ്‌ല്യാർ കൂറ്റനാടിന്റെ പരിഭാഷ, ഫത്ഹുർറഹ്മാൻ: 2/364)**






ജുസ്അ് - 10 251 സൂറ 9 തൗബ

إِنَّ عِدَّةَ الشُّهُورِ عِندَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَاوَاتِ وَالْأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ ذَٰلِكَ الدِّينُ الْقَيِّمُ فَلَا تَظْلِمُوا فِيهِنَّ أَنفُسَكُمْ وَقَاتِلُوا الْمُشْرِكِينَ كَافَّةً كَمَا يُقَاتِلُونَكُمْ كَافَّةً وَاعْلَمُوا أَنَّ اللَّهَ مَعَ الْمُتَّقِينَ ﴿٣٦﴾

9/36. ആകാശഭൂമികൾ സൃഷ്ടിച്ച നാൾ (മുതൽ) അല്ലാഹുവിൻെറ വിധിയനുസരിച്ച് മാസങ്ങളുടെ എണ്ണം അല്ലാഹുവിങ്കൽ പന്ത്രണ്ട് മാസമാണ്. അവയിൽ നാലുമാസം വിശുദ്ധങ്ങളുമാണ്. അതാണ് ഋജുവായ മതം. അതിനാൽ അവയിൽ നിങ്ങൾ സ്വയം അക്രമിക്കരുത്. ബഹുദൈവവിശ്വാസികൾ ഒന്നടങ്കം നിങ്ങളോട് യുദ്ധം ചെയ്യുന്നത്പോലെ അവരോടും നിങ്ങൾ ഒന്നടങ്കം യുദ്ധം ചെയ്യുക. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്ന് മനസ്സിലാക്കുകയും ചെയ്യുക. (6)

(6) ലോകത്ത് മുമ്പുണ്ടായിരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ എല്ലാ പഞ്ചാംഗങ്ങളിലും കൊല്ലത്തിന് പന്ത്രണ്ട് മാസങ്ങളായി കണക്കാക്കിയിട്ടുള്ളത് ഈ ദൈവനിശ്ചയത്തിൻെറ ഫലമായിട്ടാണെന്ന്കാണാൻ പ്രയാസമില്ല. ദുൽഖഅ്ദ, ദുൽഹിജ്ജ, മുഹർറം, റജബ് എന്നിവയാണ് കൊല്ലത്തിലെ വിശുദ്ധ മാസങ്ങൾ. ഈ മാസങ്ങളിൽ അക്രമവും യുദ്ധവും നടത്തി സ്വന്തത്തോട് തന്നെ അതിക്രമം കാണിക്കരുതെന്നാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്.

ഇവിടെ ഖുർആൻ പവിത്രമാസങ്ങളായി എണ്ണിയിട്ടുള്ളത് മുഹർറം, റജബ്, ദുൽഖഅദ്, ദുൽഹജ്ജ് എന്നീ മാസങ്ങളെയാണ്. സകല ഖുർആൻ വ്യാഖ്യാതാക്കളും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആ പവിത്രമാസങ്ങളുടെ കൂട്ടത്തിൽ റബീഉൽ അവ്വലിനെ ഉൾപ്പെടുത്തിയിട്ടില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. മൗലിദാഘോഷക്കാർ പറയുംപോലെ നബി(ﷺ)യുടെ ജന്മമാസമായ റബീഉൽ അവ്വലിന് വല്ല

പ്രത്യേകതയും പോരിശയുമുണ്ടായിരുന്നെങ്കിൽ റബീഉൽഅവ്വലിനെ ഏറ്റവും ചുരുങ്ങിയത് പവിത്രമാസങ്ങളുടെ കൂട്ടത്തിലെങ്കിലും ഉൾപ്പെടുത്തേണ്ടതായിരുന്നു.!

മാത്രമല്ല, പല പ്രവാചകന്മാരുടെയും ചരിത്രങ്ങൾ ദീർഘമായും ഹ്രസ്വമായും ഖുർആൻ ഉദ്ധരിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ പേരിൽ അദ്ധ്യായങ്ങൾതന്നെയുണ്ട്. (ഉദാ:- സൂറഃ ഇബ്രാഹീം, സൂറഃ നൂഹ്, സൂറഃ ഹൂദ്, സൂറഃ മുഹമ്മദ്) എന്നാൽ ആകൂട്ടത്തിൽ അവരിലാരുടെയെങ്കിലും ജന്മദിനമോ ചരമദിനമോ പറഞ്ഞിട്ടില്ല. അവരുടെ ജന്മദിനത്തിനും ചരമദിനത്തിനും മതത്തിൽ വല്ല പുണ്യവും പ്രത്യേകതയുമുണ്ടായിരുന്നെങ്കിൽ പരിശുദ്ധ ഖുർആൻ അത് പറയാതെ വിട്ടുകളയുകയില്ലായിരുന്നു.!

ഈസാ നബി(അ)യുടെ അത്ഭുതകരമായ ജനനത്തെ സംബന്ധിച്ച് വിശദമായി തന്നെ ഖുർആൻ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ആകൂട്ടത്തിൽ ആ പ്രവാചകന്റെപോലും ജന്മദിനത്തെക്കുറിച്ച് ഒന്നും മിണ്ടിയിട്ടില്ല. ഇതിൽനിന്നെല്ലാം നാം മനസ്സിലാക്കേണ്ടത് അവരുടെയൊന്നും ജനന-മരണ ദിനങ്ങൾക്കല്ല ഇസ്‌ലാമിൽ സ്ഥാനമുള്ളത്; മറിച്ച് അവരുടെയെല്ലാം പ്രബോധനവും ജീവിത മാതൃകയും പിൻപറ്റുന്നതിനാണ്.

ചുരുക്കത്തിൽ, വിശുദ്ധ ഖുർആനിലെ ആറായിരത്തിലധികം ആയത്തുകളിൽ ഒന്നിൽപോലും നബി(ﷺ)യുടെയോ മറ്റു പ്രവാചകന്മാരുടെയോ ജന്മദിനാഘോഷത്തെക്കുറിച്ച് ഒരു സൂചനയെങ്കിലും നൽകിയിട്ടില്ല എന്ന് വ്യക്തമാണ്. സുന്നി പണ്ഡിതന്മാർതന്നെ എഴുതിയ അര ഡസനോളമുള്ള ഖുർആൻ പരിഭാഷകൾ പരിശോധിച്ചാൽ തന്നെ ഏതൊരാൾക്കും അക്കാര്യം ബോധ്യമാകുന്നതാണ്.

എന്നിട്ടും, ചില സുന്നി പണ്ഡിതന്മാർ തന്നെ നബിദിനാഘോഷത്തിന് വിശുദ്ധ ഖുർആനിൽ തെളിവ് പരതുന്ന കാഴാച നമക്ക് കാണാം. *നബിദിനാഘോഷത്തിന്റെ പോരിശകൾ* എന്ന അധ്യായത്തിൽ അതിലേക്കുള്ള ചില സൂചനകൾ നാം കണ്ടു. എന്തിനധികം, ഖുർആനിലെ അമ്പതോളം ആയത്തുകൾ അതിന് തെളിവായി അവർ ദുർവ്യാഖ്യാനിക്കാൻ ധൈര്യം കാണിച്ചിട്ടുണ്ട്. (അവയിൽ പ്രസക്തമായത് ശേഷം ചർച്ചചെയ്തിട്ടുണ്ട്.)

▲